# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3545 22.08.2017 - ൽ മറുപടിയ്ക്ക്**

108 ആംബുലൻസുകൾ

**ചോദ്യം**

**ശ്രീ. കെ.മുരളീധരൻ :**

(എ) തിരുവനന്തപുരം ജില്ലയിൽ സേവനം നടത്തുന്ന 108 ആംബുലൻസുകളിൽ പലതിലും ജീവൻരക്ഷാ ഉപകരണങ്ങളും പരിശോധനാ ഉപകരണങ്ങളും പ്രവർത്തനക്ഷമമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണോ ഈ ആംബുലൻസുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്;

(സി) മോണിറ്ററിംഗ് കമ്മിറ്റി യഥാസമയം യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളാത്തതാണ് ടി ആംബുലൻസുകളുടെ ശോച്യാവസ്ഥയ്ക്ക് കാരണമെന്നത് വസ്തുതയാണോ; എങ്കിൽ കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് 108 ആംബുലൻസുകളുടെ പ്രവർത്തനം വിലയിരുത്തി അവയെ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) 108 ആംബുലൻസുകളിലെ ചുരുക്കം ചില ഉപകരണങ്ങൾക്ക് കാലനുസൃതമായ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 108 ആംബുലൻസുകളും അതിലെ ജീവനക്കാരും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ നിയന്ത്രണത്തിലും കൺട്രോൾറൂമും അതിലെ ജീവനക്കാരും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നത്.

(സി) സർവ്വീസ് നടത്തുന്ന 108 ആംബുലൻസുകൾക്കും അവയിലെ ഉപകരണങ്ങൾക്കും കാലപ്പഴക്കം കാരണം പ്രവർത്തനക്ഷമത കുറവുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ കൂടുതൽ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ